# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1374 02.05.17 ൽ മറുപടിയ്ക്ക്

**സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് അനുവദിക്കുന്നതിലെ മാനദണ്ഡം**

| | ചോദ്യം<br>ശ്രീ.എൻ. ഷംസുദ്ദീൻ | | മറുപടി<br>ശ്രീ.തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | സ്വകാര്യ ബസ്സുകൾക്ക് പുതുതായി പെർമിറ്റ് അനുവദിക്കുന്നതിലെ മാനദണ്ഡം എന്താണെന്ന് വിശദീകരിക്കുമോ; | (എ) | നിലവിൽ എപ്പോൾ വേണമെങ്കിലും പെർമിറ്റിന് അപേക്ഷിക്കാവുന്നതാണ്. അപേക്ഷയിൽ ആവശ്യമായ അന്വേഷണം നടത്തി അതത് റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റികൾ പെർമിറ്റ് അനുവദിക്കുന്നു. സമയ ലഭ്യത അനുസരിച്ച് ഇവയ്ക്ക് ടൈമിംഗ് നൽകുന്നു. |
| (ബി) | ആവശ്യത്തിലും കൂടുതൽ പെർമിറ്റ് അനുവദിക്കുന്നതുകൊണ്ട് സ്വകാര്യ ബസ്സുകളുടെ മത്സരയോട്ടം വർദ്ധിച്ച് അപകടങ്ങൾ പെരുകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | സ്വകാര്യ ബസുകളുടെ എണ്ണം നിജപ്പെടുത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്. ഒരേ റൂട്ടിൽ ചെറിയ സമയവ്യത്യാസം ഉള്ളിടത്ത് മത്സരയോട്ടം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിയമലംഘകർക്കെതിരെയുള്ള കർശന നടപടികളിലൂടെ ഇത്തരത്തിലുണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. മത്സരയോട്ടം ശ്രദ്ധയിൽപ്പെട്ടാൽ നിയന്ത്രിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. |
| (സി) | സ്വകാര്യ ബസ്സുകൾക്ക് പുതുതായി പെർമിറ്റ് അനുവദിക്കുന്നതിന് മുൻപ് പ്രസ്തുത റൂട്ടിൽ സർവ്വീസ് ആവശ്യമാണോയെന്നും സുഗമമായി യാത്രയ്ക്ക് റോഡിന് ആവശ്യമായ സൗകര്യമുണ്ടോയെന്നും ബസ് ഓടിക്കുവാൻ പര്യാപ്തമായ ടൈം ഗ്യാപ്പ് ഉണ്ടോയെന്നും പരിശോധന നടത്തി പെർമിറ്റ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | നിലവിൽ ഈ കാര്യങ്ങളെല്ലാം പരിശോധിച്ചതിനുശേഷമാണ് പെർമിറ്റ് നൽകുന്നത്. നിലവിലുള്ള മറ്റു ബസ്സുടമകളേയും ഉൾപ്പെടുത്തി യോഗം നടത്തിയശേഷമാണ് സാധാരണയായി സമയം അനുവദിക്കാറുള്ളത്. |

സെക്ഷൻ ഓഫീസർ